## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1873 | 06.02.2019 - ൽ മറുപടിക്ക് |
|---|---|

## നവകേരളനിധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം. കെ. മുനീർ<br>ശ്രീ.കെ.എം.ഷാജി<br>,, പി.കെ.ബഷീർ : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സർക്കാരിന്റെ വിവിധ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് നവകേരളനിധി രൂപവൽക്കരിച്ച് ഉത്തരവായതിൻപ്രകാരം എത്ര രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (എ) | നവകേരളനിധി രൂപവൽക്കരിച്ച് ഉത്തരവായതിനു ശേഷം 300 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. |
| (ബി) | പ്രളയാനന്തര പുനർനിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മുഖേനയുള്ള ധനശേഖരണം വർദ്ധിപ്പിക്കുന്നതിനായി നവകേരള നിധി വഴിയുള്ള ഫണ്ട് സമാഹരണത്തിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിന് മുമ്പ് തന്നെ നിലവിലുള്ളതും വിവിധ സന്നദ്ധസംഘടനകൾ/ സ്ഥാപനങ്ങൾ /പൊതുജനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ, സ്പോൺസർഷിപ്പ് എന്നിവ മുഖാന്തിരം ഫണ്ട് സ്വരൂപിക്കുന്നതിന് ഉദ്ദേശിച്ച് കൊണ്ട് രൂപീകരിച്ചിട്ടുള്ളതുമായ വിവിധ നിധികൾ ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) & (ഡി) | പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേകമായി സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>• സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ<br>• കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ<br>• കേന്ദ്ര ഗവൺമെൻറ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം<br>• ക്രൗഡ് ഫണ്ടിംഗ്<br>• മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം<br>• NIDA വഴി നബാർഡ് ഫണ്ടിംഗ്<br>• ഹഡ്കോയും മറ്റു വായ്പകളും. |
| (ഡി) | ഇല്ലെങ്കിൽ ഫണ്ടുകളുടെ ഏകോപനമില്ലായ്മ പ്രളയാനന്തര പുനർനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാതിരിയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ? | | |

**സെക്ഷൻ ഓഫീസർ**